**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1577** **19-06-2024 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തിയിൽ നിർമ്മാണം പൂർത്തീകരിച്ച മിനി സിവിൽ സ്റ്റേഷനിലേക്ക് കടുത്തുരുത്തി വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കടുത്തുരുത്തിയിൽ നിർമ്മാണം പൂർത്തീകരിച്ച മിനി സിവിൽ സ്റ്റേഷനിലേക്ക് കടുത്തുരുത്തി വില്ലേജ് ഓഫീസ് പ്രവർത്തനം മാറ്റുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ടി ഓഫീസിനായി അനുവദിക്കപ്പെട്ട മുറികളിൽ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതുമായി ബന്ധപ്പെട്ട് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി കെ.എസ്.ഇ.ബി-ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും കെ.എസ്.ഇ.ബി യുടെ ഭാഗത്ത് നിന്നും ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിച്ച് പൊതുവായി പവർ കണക്ഷൻ ലഭ്യമാക്കിയെങ്കിൽ മാത്രമേ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ പ്രത്യേക സർവ്വീസ് കണക്ഷൻ ലഭിക്കുകയുള്ളൂ എന്നതിനാൽ നിലവിൽ ട്രാൻസ്ഫോർമർ കെ.എസ്.ഇ.ബി മാറ്റി സ്ഥാപിച്ചിട്ടുള്ളതാണ്. തുടർന്ന് കടുത്തുരുത്തി വില്ലേജ് ഓഫീസിന്റെ സ്മാർട്ട് വില്ലേജ് ഇ-ഓഫീസ് സംവിധാനങ്ങൾക്കായുള്ള ഇലക്ട്രിക്കൽ എസ്റ്റിമേറ്റ്, ക്യുബിക്കിൾ വർക്കിനായുള്ള സിവിൽ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി പ്രസ്തുത പ്രവൃത്തി എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി പാലാ പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ ഭാഗമായി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ വില്ലേജ് ഓഫീസിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 'എ പിരിവിനുള്ള മറുപടി' |
| (സി) | പ്രസ്തുത മിനി സിവിൽ സ്റ്റേഷനിലേക്ക് വില്ലേജ് ഓഫീസ് മാറ്റിയാൽ ഉടൻ തന്നെ രണ്ടാംഘട്ട അനക്സ് കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കഴിയുമോ; ഇതുസംബന്ധിച്ച | (സി) | പ്രസ്തുത മിനി സിവിൽ സ്റ്റേഷനിലേക്ക് വില്ലേജ് ഓഫീസ് മാറ്റിയാൽ ഉടൻ തന്നെ നിലവിൽ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന റവന്യൂ വകുപ്പ് വക സ്ഥലത്ത് പുതിയതായി നിർമ്മിക്കുന്ന അഡീഷണൽ ബ്ലോക്കിൽ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസിന് കൂടി |

| | | | |
|---|---|---|---|
| | പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | മതിയായ സ്ഥലം അനുവദിച്ചു കൊണ്ട് രണ്ടാം ഘട്ട അനക്സ് കെട്ടിട നിർമ്മാണത്തിനായി സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുവാൻ കഴിയുന്നതാണ്. നിലവിൽ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് വൈക്കം തഹസിൽദാർ കത്ത് നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ